"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പ് - ക്ലാർക്ക് മുതൽ ആർ.ടി.ഒ. വരെയുള്ള എല്ലാ ജിവനക്കാർക്കും അഞ്ച് ദിവസത്തെ പരിശീലന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(സി) വകുപ്പ്**

സ.ഉ.(സാധാ) നം.21/2026/TRANS തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-
1. ഗതാഗത കമ്മീഷണറുടെ 14.08.2025 ലെ MIT1/13/2024-TC നം. കത്ത്.
2. 02.09.2025 ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 2(2) നം. തീരുമാനം.

**<u>ഉത്തരവ്</u>**

ഇംപ്ലിമെന്റേഷൻ ഓഫ് ഇ-ഗവേണൻസിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിലെ ക്ലാർക്ക് മുതൽ ആർ.ടി.ഒ വരെയുള്ള എല്ലാ ജീവനക്കാർക്കും അഞ്ച് ദിവസത്തെ പരിശീലനം നൽകുന്നതിലേയ്ക്കായി, സാമ്പത്തിക വർഷം 2025-26 ൽ [XLI] 3055-00-003-99 എന്ന ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരം ഗതാഗത കമ്മീഷണർ പ്രപ്പോസൽ ലഭ്യമാക്കിയിരുന്നു. 02-09-2025 ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രപ്പോസൽ പരിശോധിക്കുകയും, ടി പദ്ധതിയ്ക്കായി Training and Capacity Development എന്ന സ്കീമിനു കീഴിൽ, പരാമർശം (2) പ്രകാരം 3055-00-003-99 ശീർഷകത്തിൽ 2 കോടി രൂപ അനുവദിച്ചു.

2. മേൽ സാഹചര്യത്തിൽ, വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരം മോട്ടോർ വാഹന വകുപ്പിലെ ക്ലാർക്ക് മുതൽ ആർ.ടി.ഒ. വരെയുള്ള എല്ലാ ജിവനക്കാർക്കും അഞ്ച് ദിവസത്തെ പരിശീലന പദ്ധതിയ്ക്കായി **[XLI] 3055-00-003-99 എന്ന** ശീർഷകത്തിൽ 2 കോടി രൂപ (രണ്ട് കോടി രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
#ApprovedByDesignation#

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. സി3/142/2025/ഗതാ).

ഉത്തരവിൻ പ്രകാരം

Signed by
Susilkumary S
Date: 17-01-2026 17:22:21
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു ഗതാഗത വകുപ്പു മന്ത്രിയുടെ പി എസ്
ഗതാഗത വകുപ്പു സ്പെഷ്യൽ സെക്രട്ടറിയുടെ പി എ
ഗതാഗത(ഡി) വകുപ്പ്